LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി. എസ്.വൈ പദ്ധതിയിൽ കല്ല്യാശ്ശേരി മണ്ഡലത്തിൽ മൂന്ന് റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

1. കടന്നപ്പള്ളി കിഴക്കേക്കര-കച്ചേരിക്കടവ് റോഡ്-കടന്നപ്പള്ളി പാണപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണാനുമതി തുക-105.13 ലക്ഷം (93.60 ലക്ഷം-നിർമ്മാണം, 11.53 ലക്ഷം മെയിന്റനൻസ്) പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം 20.620 കി.മീ.

2. പറവൂർ കോയിപ്ര റോഡ്-കടന്നപ്പള്ളി പാണപ്പുഴ റോഡ്-എരമം കുറ്റൂർ ഗ്രാമപഞ്ചായത്ത് ഭരണാനുമതി തുക 153 ലക്ഷം-നിർമ്മാണം, 16.06 ലക്ഷം-മെയിന്റനൻസ് ആകെ 169.06 ലക്ഷം പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം 3.650 കി.മീ.

3. പാണപ്പുഴ-പാണപ്പുഴച്ചാൽ റോഡ് ഭരണാനുമതി തുക-205.08 ലക്ഷം -നിർമ്മാണം, പ്രവൃത്തി പൂർത്തീകരിച്ച കിലോമീറ്റർ ദൂരം -2.01 കി.മീ. ഫോർമേഷനും സിഡി പ്രവൃത്തിയും ഉടങ്ങി.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമവികസന വകുപ്പ് മുഖേന കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി നിയോജക മണ്ഡലത്തിൽ നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി ഒരു പ്രവൃത്തിക്കും ഭരണാനുമതി നൽകിയിട്ടില്ല.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കീഴിൽ മട്ടന്നൂരിലെ റോഡുകൾ

12 (1483) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പദ്ധതിയിൻ കീഴിൽ മട്ടന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ഏതെല്ലാം റോഡുകൾക്കാണ് 2011-12, 2012-13, 2013-14, 2014-15, 2015-16 വർഷങ്ങളിൽ ഭരണാനുമതി ലഭിച്ചതെന്നും ഓരോ റോഡിനും എത്ര തുക വീതമാണ് ലഭിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച മേൽ പറഞ്ഞ റോഡുകളുടെ നിർമ്മാണ പുരോഗതി സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണൂർ ജില്ലയിലെ മട്ടന്നൂർ നിയമസഭാ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം ആറ് റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. ഫേസ് 8-ൽ 2013-14 വർഷത്തിൽ മാത്രമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. അവ ചുവടെ ചേർക്കുന്നു :

1. ചങ്ങലഗേറ്റ് പെരുവ റോഡ് - 385.74 ലക്ഷം - നിർമ്മാണം, 35.36 ലക്ഷം - മെയിന്റനൻസ്.
2. പുള്ളിപ്പൊയിൽ തെക്കുംപൊയിൽ റോഡ് - 138.73 ലക്ഷം - നിർമ്മാണം, 12.59 ലക്ഷം - മെയിന്റനൻസ്.
3. കാഞ്ഞിലേരി കാക്കാട്ടുപറമ്പ് റോഡ് - 187.88 ലക്ഷം - നിർമ്മാണം, 16.91 ലക്ഷം - മെയിന്റനൻസ്.
4. ആലാച്ചി കാർക്കോട് റോഡ് - 267.17 ലക്ഷം - നിർമ്മാണം, 24.05 ലക്ഷം - മെയിന്റനൻസ്.
5. പൈസായി ചോലക്കരി റോഡ് - 274.32 ലക്ഷം - നിർമ്മാണം, 24.69 ലക്ഷം - മെയിന്റനൻസ്.
6. നായാട്ടുപാറ കാരാറമ്പ റോഡ് - 231.91 ലക്ഷം - നിർമ്മാണം, 20.87 ലക്ഷം - മെയിന്റനൻസ്.

(ബി) ചങ്ങലഗേറ്റ് പെരുവ റോഡ്, പുള്ളിപ്പൊയിൽ തെക്കുംപൊയിൽ റോഡ്, കാഞ്ഞിലേരി കക്കാട്ടുപറമ്പ റോഡ് എന്നീ റോഡുകൾ പൂർത്തീകരിച്ചു. ആലാച്ചി കാർക്കോട്, പൈസായി ചോലക്കരി, നായാട്ടുപാറ കാരാറമ്പ എന്നീ റോഡുകളുടെ ആദ്യഘട്ട മെറ്റലിംഗ് പ്രവൃത്തി പൂർത്തീകരിച്ചു.

പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തിയ റോഡുകളുടെ നിർമ്മാണം

13 (1484) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും അവയിൽ എത്ര എണ്ണം പൂർത്തിയാക്കിയിട്ടുണ്ടെന്നുമുള്ള വിവരം അവയുടെ അടങ്കൽ തുകയും ചെലവഴിച്ച തുകയും ഉൾപ്പെടെ ജില്ലതിരിച്ച് ലഭ്യമാക്കുമോ;